# അമേരിക്കൻ കഥകൾ

## മിനികഥകൾ

## അഞ്ച്

ജോയിക്കുട്ടി,

അന്നച്ചി, ഭീകരങ്ങളായ ഭൂത കാല കഥകളിലേക്ക് ഊളിയിട്ട് പോകുകയാണ്. എന്നാൽ ഇന്ന് ഇങ്ങിനെയുള്ള യാതൊന്നുമില്ലന്നാണ് വിശ്വാസം. യഥാർത്ഥത്തിൽ ഇത് കൊച്ചേട്ടന്റെ കഥയാണ്. എന്നാൽ ഇതിൽ ഒരംശം അന്നച്ചിക്കും ഭാഗഭാക്കുണ്ടെന്നുള്ളത് സത്യം.

അയാൾ എങ്ങിനെ അവിടെ എത്തിച്ചേർന്ന് എന്ന് അന്നച്ചിക്ക് ഇപ്പോഴും അറിയില്ല. പണ്ടേ അയാൾ ബഹു മിടുക്കനായിരുന്നു എന്നവർക്കറിയാമായിരുന്നു. അന്നച്ചി ഇന്ത്യയിൽ ജോലി ചെയ്ത സ്ഥലത്തു വെച്ചാണ് അയാളെ പരിചയം. ഇന്ത്യൻ എയർഫോഴ്സിലെ ഫ്ലൈറ്റ് ലഫ്റ്റനന്റ് ഓഫീസർ എന്നാണ് ആദ്യമായി അയാളുമായി പരിചയപെട്ടത്. അത് ഇന്ത്യൻ ആർമ്മിയിലെ ക്യാപ്റ്റൻ എന്നതിന് തുല്ല്യമാണ്.

യുദ്ധ വിമാനങ്ങൾ പറപ്പിക്കുന്ന ഓഫീസറായിട്ടായിരുന്നു തുടക്കം. പിന്നീട് പ്രമോഷൻ കിട്ടി കിട്ടി ഇവിടെ വെരെ എത്തിയപ്പോൾ അയാളുടെ മിടുക്കുകൊണ്ട് ഗ്രൗണ്ട് ആയ്, ഓഫിസ് ജോലി ആയ്. വളരെ ചെറു പ്രായത്തിൽ തന്നെ ഇത്രയും നിലയിൽ എത്തുക എന്നത് നല്ല കഴിവുള്ളവർക്ക് മാത്രം സാധിക്കുന്ന ഒന്നാണ്.

എങ്ങിനെ അയാൾ ഫാത്തിമയുമായി പരിചയപ്പെട്ടതെന്ന് അന്നച്ചിക്കറിയില്ല. അന്നച്ചി ജോലി ചെയ്തിരുന്ന ആശുപത്രിയിൽ രോഗിയായി ഉണ്ടായിരുന്നത് ഫ്ലൈറ്റ് ലഫ്റ്റനന്റ് ദിവാകരൻ നായരുടെ കൂട്ടുകാരന്റെ അമ്മ രാധാമണിയെ കാണാൻ അയാൾ കൂടെ കൂടെ അവിടെ വന്നാണ് പരിചയപ്പെട്ടത്. നല്ല സുന്ദരനും മിടുക്കനുമായ ഒരു മലയാളി ചെറുപ്പക്കാരൻ. വാചകമടിക്കാൻ ബഹു കേമൻ. ആ പരിചയം കൂടി കൂടി ഒരു പ്രാവശ്യം അന്നച്ചിയുടെ ക്വാട്ടേഴ്സിൽഅയാൾ ചെന്നെത്താൻ ഇടയായി. പിന്നീട് അത് ഫാത്തിമയുമായി കണ്ടുമുട്ടുന്ന കേന്ദ്രമായി. ആദ്യമാദ്യം അന്നച്ചിക്കത് ഇഷ്ടമല്ലായിരുന്നു. അന്നച്ചിയുടെ ഭർത്താവ് ജോസഫ് അച്ചായന്, ആകാശത്തു നിന്ന് പൊട്ടി വീണ സുന്ദരിയെപ്പോലുള്ള ഫാത്തിമയെ കാണുന്നത് ഇഷ്ടമായിരുന്നു. ഫാത്തിമയെ ആശുപത്രിയിൽ വെച്ച് അന്നച്ചി പരിചയപ്പെട്ടതാണ്. അവൾ മലയാളി ആണെങ്കിലും ഉത്തരേന്ത്യയിലാണ് ജനിച്ചതും വളർന്നതും. മലയാളം കൊരച്ചു കൊരച്ചു സംസാരിക്കാനേ അവൾക്കറിയൂ. നാലാങ്ങളമാരുടെ ഇടയിലെ കുഞ്ഞിപ്പെങ്ങളായി കൊഞ്ചിച്ചു വളർന്ന മുസ്ലീം യുവതിയാണവൾ.

അന്നച്ചി അമേരിക്കയിൽ എത്തി ഏകദേശം ഒന്നര വർഷം കഴിഞ്ഞാണ് ജോസഫ് അച്ചായൻ അമേരിക്കയിൽ എത്തുന്നത് നമ്മുടെ നായർ ഒരു ദിവസം ഫാത്തിമയെ രജിസ്റ്റേർഡ് വിവാഹം കഴിച്ച് വലിയ താമസം കൂടാതെ ഇന്ത്യയിൽ നിന്ന് മുങ്ങി അവർ ഭാര്യാഭർത്താക്കന്മാരാണെന്ന് പേപ്പറുകൾ എല്ലാം ഉണ്ടാക്കിയാണ് പേപ്പർ പണികൾ എല്ലാം ചെയ്തത്. എന്നാൽ ഒരു ദിവസം പോലും അവർ ഒന്നിച്ചു കഴിഞ്ഞിരുന്നില്ലന്നു മാത്രമല്ല; ഒരു പ്രാവശ്യം പോലും അവർ ഭോഗപ്രക്രിയചെയ്തിരുന്നില്ല. അവളുടെ ആങ്ങളമാർ അറിഞ്ഞാൽ അയാളെ അവർ വെട്ടി കഷണം കഷണമാക്കും. ഇതെല്ലാം അയാൾക്കറിയാമായിരുന്നതു കൊണ്ട് വളരെ ക്ഷമയോടെ കാത്തിരിക്കുകയും ബുദ്ധിപൂർവ്വം വളരെ നേരത്തെ തന്നെ ഓരോ പേപ്പറു പണികൾ ചെയ്തു തീർത്തു.

ഒരു ദിവസം കോളേജിൽ പോയ ഫാത്തിമ മടങ്ങി വന്നില്ല. ദിവസങ്ങൾ പലതും കടന്നു. അവളുടെ ആങ്ങളമാർക്ക് മനസ്സിലായി അവളെ ആരോ തട്ടിക്കൊണ്ടു പോയതാണെന്ന്. പക്ഷേ, ആരാണെന്നോ, എവിടെയാണെന്നോ അറിയാൻ വയ്യാ. ആരോ മിടു മിടുക്കന്മാർ അവളെ കടത്തി കൊണ്ടു പോയതാണെന്ന് അവർക്ക് ബോദ്ധ്യമായി.

നായർ അവളേയും കൊണ്ട് അമേരിക്കയിൽ എത്തിയെങ്കിലും ആർക്കും പിടി കൊടുക്കാതെ ആ പട്ടണത്തിൽ ശരിക്കും കഷ്ടപ്പെട്ടു. ഇന്ത്യയിൽ നിന്നും വന്നപ്പോൾ രഹസ്യമായി കരുതിയിരുന്ന ഡോളർ വളരെ പിശുക്കി പിശുക്കി ചെലവാക്കി പല സ്ഥലത്തും ജോലി അന്വേഷിച്ചു. പല പണികളും ചെയ്തു; പല നികൃഷ്ടമായ ജോലികളും ചെയ്തു. ഇത്രയും കഷ്ടപ്പാടിനിടയിൽ അയാൾ ഒരിക്കൽ പോലും ഫാത്തിമയുമായി ഭാര്യാഭർത്തൃ ബന്ധത്തിൽ ഏർപ്പെട്ടില്ല. അവൾക്ക് അയാളോടുള്ള ബഹുമാനം അനുദിനം വർദ്ധിച്ചു. അവസാനം അന്നച്ചിയെ ചെന്നു കാണാമെന്ന് തീരുമാനിച്ചു.

തുടർന്ന് അന്നച്ചി ഏവിടെയാണ് ജോലി ചെയ്യുന്നതെന്നും എവിടെയാണ് താമസിക്കുന്നതെന്നും കണ്ടു പിടിച്ച് അവളുടെ താമസസ്ഥലത്ത് ചെന്നു. അന്നച്ചിക്ക് വിശ്വസിക്കാൻ പറ്റിയില്ല. അയാൾ സഹായം തേടി എത്തിയിരിക്കുകയാണ്. നിവർത്തിയുണ്ടെങ്കിൽ.അന്നച്ചിയെ ഉപദ്രവിക്കാതെ കഴിച്ചു കൂട്ടാൻ അയാൾ പരമാവധി പരിശ്രമിച്ചു. അന്നച്ചിക്ക് അവിടെ സ്വന്തമായി ഒരു കമ്പിനി നടത്തുന്ന ഒരു യെഹൂദനെ പരിചയമുണ്ട്. ജോസഫ് അച്ചായൻ വന്ന കാലത്ത് ജോസഫ് അച്ചായന് നല്ല ഒരു കമ്പിനിയിൽ ജോലി വേണം. അന്നീ യെഹൂദന്റെ കമ്പിനി തുടക്കത്തിലായിരുന്നു. പക്ഷേ, അയാൾക്ക് പരിചയമുള്ള ഒരു വലിയ ഓഫീസർ ജോലി ചെയ്യുന്ന ഒരു വലിയ കമ്പനിയിൽ ജോസഫിന് പറ്റിയ ജോലിയുണ്ട്. അയാൾക്കതിനുള്ള വിദ്യാഭ്യാസ യോഗ്യത ഉണ്ട്. അന്നച്ചി ആ യെഹൂദനെ അയാളുടെ ജോലിസ്ഥലത്ത്, ജോലി സമയത്ത് പോയ് കണ്ടു. അയാൾ പണി വേറെ ആളിനെ ഏല്പിച്ചിട്ട് അയാളുടെ ഓഫീസിന്റെ തൊട്ടടുത്തുള്ള ബഡ്റൂമിൽ അന്നച്ചിയുമായി കയറി. ഏകദേശം നാലു മണിക്കൂർ കഴിഞ്ഞാണ് അവർ വെളിയിൽ വന്നത്. അയാളുടെ ശുപാശ് ഫലിച്ചു: ജോസഫിന് പിറ്റേ ദിവസം തന്നെ ആ വലിയ കമ്പിനിയിലെ വലിയ ജോലി കിട്ടി. അയാളെ ഡാഡീ എന്നു വേണം വിളിക്കാൻ. അന്നച്ചിയുടെ ശുപാശ്യും കൊണ്ട് നായർ അവിടെ ചെന്ന് ജോലി ചെയ്യാൻ തുടങ്ങി. വെറും. കൂലിവേല. എന്നാൽ നല്ല ശമ്പളവും മെഡിക്കലും ഉണ്ട്. നായർ ഡാഡീ വിളിച്ച് അയാളുടെ പിറകെ കൂടി. ഒരു ദിവസം ഡാഡി അയാളെ ബെഡ് റൂമിൽ കേറ്റി. നായരുടെ മുപ്പത്തി മൂന്നു വയസ്സു വെരെ കാത്തു സൂക്ഷിച്ച ചാരിത്രം നഷ്ടപ്പെട്ടു. പക്ഷേ, പിറ്റേ ദിവസം മുതൽ അയാൾക്ക് ഇരട്ടി ശമ്പളവും ഫോർമാൻ എന്ന ഉദ്യോഗ കയറ്റവും കിട്ടി. ഈ കാലയളവിൽ ആ സ്ഥലത്തു വന്ന എല്ലാ മലയാളികൾക്കും, ബി. ഏ കാർ, എം. ഏ കാർ ഇഞ്ചനീയർമാർ എല്ലാവർക്കും അയാൾ അവിടെ ജോലി കൊടുത്തു. അവരുടെയെല്ലാം കൊച്ചേട്ടനുമായി. അയാളേക്കാൾ പ്രായം ഉള്ളവർ പോലും അയാളെ കൊച്ചേട്ടായെന്നു വിളിച്ചു. ഒരു ദിവസം ഡാഡി നായരെ വിളിച്ച് അയാളുടെ ഭാര്യയെ വിളിച്ചു കൊണ്ടു വരാൻ പറഞ്ഞു. ഒരു വിധത്തിൽ അവളെ പറഞ്ഞു സമ്മതിപ്പിച്ച് കൊണ്ടു കൊടുത്തു. അടുത്ത ദിവസം മുതൽ കൊച്ചേട്ടൻ സ്യൂട്ടുമിട്ട് സെയിൽസിൽ ജോലി ചെയ്യാൻ തുടങ്ങി. മുൻപ് കിട്ടിയിരുന്നതിന്റെ ഇരട്ടി ശമ്പളം. തോന്നുമ്പോൾ വരാം തോന്നുമ്പോൾ പോകാം. കൈ നിറച്ച് ഡോളർ. എപ്പാർട്ട്മെന്റിൽ നിന്ന് സ്റ്റാർട്ടിംഗ് വീട്ടിൽ നിന്ന് വലിയ ഒരു ബംഗ്ലാവിൽ താമസമായി. ആ നാട്ടിലുള്ള സകല ആളുകളുടേയും കെച്ചേട്ടനുമായി; ബഹുമാന്യനുമായി.